പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2406 — 12.03.2020ൽ മറുപടിയ്ക്ക്

# വന്യജീവി ആക്രമണങ്ങൾ നേരിടുവാൻ പ്രതിരോധ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി : | | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വന്യജീവികളിൽ നിന്നുള്ള ആക്രമണം മൂലം വ്യക്തികൾക്കും കാർഷിക വിളകൾക്കും നാശനഷ്ടമുണ്ടാകുന്നത് തടയുന്നതിന് എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് പ്രധാനമായും നടപ്പിലാക്കാൻ ബാക്കിയുള്ളതെന്ന് അറിയിക്കാമോ; | (എ) | സൗരോർജ്ജ കമ്പിവേലികൾ, ആന കിടങ്ങുകൾ, മതിലുകൾ തുടങ്ങിയവ നിർമ്മിച്ച് മൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയുന്നു. വനത്തിനുള്ളിൽ ഗള്ളി പ്ലഗ്ഗിംങ് നടത്തിയും കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നവീകരിച്ചും നിർമ്മിച്ചും, ചതുപ്പുകൾ വൃത്തിയാക്കിയും, ആവാസവ്യവസ്ഥ മെച്ചപ്പെടുത്തിയും, മൃഗങ്ങൾക്ക് ജലത്തിന്റെയും ഭക്ഷണത്തിന്റെയും ലഭ്യത ഉറപ്പു വരുത്തുകയും ചെയ്തു വരുന്നു. കൂടാതെ, ജനവാസ മേഖലകളിൽ വന്യമൃഗങ്ങളിറങ്ങി ജീവനും സ്വത്തിനും ഭീഷണിയാകുന്നത് തടയുവാൻ തദ്ദേശീയരും ജനപ്രതിനിധികളും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതി പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് ബോധവത്ക്കരണം നടത്തിവരുന്നു. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം തദ്ദേശീയരെ അറിയിക്കുന്നതിന് എസ്.എം.എസ്. അലർട്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ജനകീയ കമ്മിറ്റികളുടെയും ആർ.ആർ.റ്റി.കളുടെയും സേവനം മേൽ പ്രദേശങ്ങളിൽ ഉപയോഗപ്പെടുത്തുകയും ചെയ്തുവരുന്നു.<br><br>വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി, സംസ്ഥാനത്ത് വനാതിർ ത്തിയിൽ 2018-19 വരെ 2413.7 കി.മീ. നീളത്തിൽ സൗരോർജ്ജവേലി, 631 കി.മീ. ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ. ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches), 26 കി.മീ ജൈവ വേലി, 248 കി.മീ. കയ്യാല, 1.2 കി.മീ. ക്രാഷ് ഗാർഡ് റോപ്പ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. |
| (ബി) | വന്യജീവി നിയമങ്ങൾ കൂടുതൽ കർശനമാക്കിയത് മൂലം കർഷകർക്ക് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് കഴിയാത്ത സ്ഥിതി വിശേഷമുണ്ടോ; വ്യക്തമാക്കാമോ; | (ബി) | നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി കർഷകർക്ക് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് കഴിയാത്ത സ്ഥിതി വിശേഷം ഉണ്ടായിട്ടില്ല. |

File No.FWLD-D2/74/2020-FWLD

| | | | |
|---|---|---|---|
| (സി) | നിലവിലെ നിയമത്തിൽ അപ്രായോഗികവും ഫലപ്രദവുമല്ലാത്ത ഏതെങ്കിലും തരത്തിലുള്ള പ്രതിരോധപ്രവർത്തനങ്ങളെക്കുറിച്ച് ആക്ഷേപം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത്തരം ആക്ഷേപങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (സി) | അത്തരം ആക്ഷേപങ്ങൾ ഉണ്ടായിട്ടില്ല. കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടി വച്ച് കൊല്ലുന്നതിന് 16/02/2019-ലെ സ.ഉ.(കൈ) നം.7/2019/വനം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ